# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1125 — 20/01/2014 ൽ മറുപടിക്ക്

### സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>„ ജോസഫ് വാഴക്കൻ<br>„ എം.എ. വാഹിദ്<br>„ റ്റി.എൻ. പ്രതാപൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | ഉണ്ട്. എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെ സംസ്ഥാനത്തെ സർക്കാർ-എയിഡഡ് മേഖലയിലെ ഒന്നു മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും രണ്ടു ജോഡി യൂണിഫോം സൗജന്യമായി വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കുകയാണ്. ഇതിനായി 8 കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ട്. സ്കൂളധികൃതർക്ക് എംപാനൽ ചെയ്ത കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു മാർക്കറ്റിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ വാങ്ങുന്നതിന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുതപദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | ബി) | വിദ്യാർത്ഥി ക്ഷേമം മുൻനിർത്തിയാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം സൗജന്യമായി നൽകുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | ഗവ./എയ്ഡഡ് സ്കൂളുകളിൽ 1-മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. |

ഏകദേശം 21 ലക്ഷത്തോളം വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കളാ വുന്നത്. ഇതിനായി ടെണ്ടർ ഫോർമുലേഷൻ ആന്റ് ഇവാല്യേഷൻ കമ്മിറ്റി രൂപീകരിക്കുകയും 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിന് എമ്പാനൽ ചെയ്യുകയു മുണ്ടായി. ടി കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു വിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങാനുള്ള അനുവാദം നിബന്ധന കളോടെ അതാത് സ്കൂൾ അധികാ രികൾക്ക് നൽകിയിട്ടുണ്ട്. ആയതിലേ ക്കായി ആദ്യ ഗഡു തുക വിതരണം ചെയ്തിട്ടുണ്ട്. 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയ ാ ക്കാ നാണ് ലക്ഷ്യ മി ട്ടി ട്ടുള്ളത്; വിശ ദ ാ ം ശ ങ്ങൾ എന്തെല്ലാം? | ഡി) | ഈ അദ്ധ്യയനവർഷം തന്നെ യൂണിഫോം വിതരണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2014 ജനുവരി 17 ന് മുമ്പ് എല്ലാ സ്കൂൾ അധികാരികളും യൂണിഫോമിന് സപ്ലൈ ഓർഡർ നൽകി യൂണിഫോം മെറ്റീരിയൽസ് വാങ്ങാനും വിവരം ബന്ധപ്പെട്ട എ.ഇ.ഒ ഓഫീസിൽ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Musami kumari S

സെക്ഷൻ ഓഫീസർ